©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ആഗസ്റ്റ് 7<br>7th August 2018<br>1193 കർക്കടകം 22<br>22nd Karkadakam 1193<br>1940 ശ്രാവണം 16<br>16th Sravana 1940 | നമ്പർ<br>No. | 32 |

# PART III

# Police Department

ലേല പരസ്യം

നമ്പർ എം.-740/2018/കെഎൽഎം. 2018 ജൂലൈ 10.

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, കൊല്ലം യൂണിറ്റിലെ 2003 മോഡൽ എ. എൽ. 01 എ. സി. 5575 ടാറ്റാ സുമോ 2018 ആഗസ്റ്റ് 17-ാം തീയതി വെള്ളിയാഴ്ച രാവിലെ 11 മണിക്ക് ടി ആഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് ലേലസ്ഥലത്തു നേരിട്ട് ഹാജരാകുകയും ` 15,000 നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടി സീൽ ചെയ്ത കവറിൽ ക്വട്ടേഷനുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ 2018 ആഗസ്റ്റ് 16-ാം തീയതി വൈകുന്നേരം 5 മണി വരെ കൊല്ലം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ ആഫീസിൽ സ്വീകരിക്കുന്നതാണ്. ഓരോ ക്വട്ടേഷനോടോപ്പവും ` 15,000 വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, കൊല്ലം യൂണിറ്റിൽ അടച്ച് രസീത് ഉള്ളടക്കം ചെയ്യേണ്ടതാണ്. ക്വട്ടേഷനുകൾ അടക്കം ചെയ്ത കവറിനു മുകളിൽ "ഔദ്യേഗിക വാഹനം കെ. എൽ. 01 എ. സി. 5575 ടാറ്റാ സുമോ ലേലത്തിൽ വാങ്ങുവാനുള്ള ക്വട്ടേഷൻ" എന്ന് വ്യക്തമായി രേഖപ്പെടുത്തണം. 17-8-2018-ൽ ലേലം അവസാനിച്ചാലുടൻ ക്വട്ടേഷനുകൾ തുറക്കുന്നതും ലേലത്തിലേയോ ക്വട്ടേഷനിലേയോ സംഖ്യ ഏതാണോ കൂടുതൽ ആയതിനു ലേലം ഉറപ്പിക്കുന്നതും ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തുന്ന/വിളിക്കുന്ന ആൾ ഉടൻതന്നെ ലേലം/ക്വട്ടേഷൻ തുകയുടെ പകുതി സംഖ്യ നിരത ദ്രവ്യം കിഴിച്ച് ലേല സ്ഥലത്ത് വച്ചുതന്നെ അടയ്ക്കേണ്ടതും ബാക്കി സംഖ്യ (മുഴുവൻ സംഖ്യക്കുള്ള നികുതി അടക്കം) ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തിയ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനുള്ളിൽ അടച്ചു സ്വന്തം ചെലവിൽ പ്രസ്തുത വാഹനം നീക്കം ചെയ്യേണ്ടതുമാണ്. ലേല ദിവസം ഏതെങ്കിലും കാരണത്താൽ പൊതുഅവധി സർക്കാർ പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ 11 മണിക്ക് ലേലം നടത്തുന്നതാണ്.

ലേലം കൊള്ളുന്ന ആൾ നിബന്ധനകൾ ലംഘിച്ചാൽ ടിയാന്റെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യ ലേലം കൊണ്ടയാൾ ഉത്തരവാദിയാകുന്നതും നഷ്ടം വന്ന തുക റവന്യൂ റിക്കവറി ചട്ടങ്ങൾ പ്രകാരം ടിയാനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്.

കൊല്ലം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ആഫീസ് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ലേല വാഹനം ലേലത്തിന് മുൻപുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ മുൻകൂർ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റിവെയ്ക്കുന്നതിനുള്ള അധികാരം കൊല്ലം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

വിജിലൻസ് ആന്റ് ആന്റി
കറപ്ഷൻ ബ്യൂറോ, **അശോകകുമാർ, കെ.**
കൊല്ലം യൂണിറ്റ്. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്.

## പുനർ ലേല പരസ്യം

നമ്പർ ഇ2-26200/2016/ആർ.സി. 2018 ജൂലൈ 11.

തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും തൃശ്ശൂർ ജില്ലാ സായുധസേന കമാണ്ടന്റിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതും പോലീസ് ഡിപ്പാർട്ട്മെന്റിന് ഉപയോഗയോഗ്യമല്ലാത്തതുമായ താഴെ പറയുന്ന വാഹനങ്ങൾ 17-8-2018-ാം തീയതി പകൽ 11 മണിക്ക് ജില്ലാ സായുധസേന കമാണ്ടന്റിന്റെ കാര്യാലയത്തിൽവെച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | മോഡൽ | ഇനം | നിരതദ്രവ്യം |
|---|---|---|---|---|
| 1 | KL 01 X 9950 | 2002 | മിനി ബസ് | 7,500 |
| 2 | KL 01 X 9980 | 2002 | മിനി ബസ് | 7,500 |
| 3 | KL 01 X 9115 | 2002 | മഹീന്ദ്ര ജീപ്പ് | 9,800 |
| 4 | KL 01 AD 4732 | 2002 | മഹീന്ദ്ര ജീപ്പ് | 9,800 |
| 5 | KL 01 X 9597 | 2002 | ഹീറോഹോണ്ട സിഡി 100 | 200 |
| 6 | KL 01 X 9600 | 2002 | ഹീറോഹോണ്ട സിഡി 100 | 200 |
| 7 | KL 01 X 9602 | 2002 | ഹീറോഹോണ്ട സിഡി 100 | 200 |
| 8 | KL 01 X 9605 | 2002 | ഹീറോഹോണ്ട സിഡി 100 | 200 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കൃത്യ സമയത്ത് ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് മേൽപ്പറഞ്ഞ വാഹനത്തിന് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

ടി വാഹനങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്നവർ ദർഘാസുകൾ നേരിട്ടോ തപാൽമാർഗ്ഗമോ 14-8-2018-ാം തീയതി വൈകുന്നേരം 4 മണിക്കുമുമ്പായി തൃശ്ശൂർ സിറ്റി, ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്. ദർഘാസിനോടൊപ്പം ഓരോ വാഹനത്തിനും നിരതദ്രവ്യമായി മേൽപ്പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ അടക്കം ചെയ്ത കവറിന് മുകളിൽ "വാഹന ലേലത്തിനുള്ള ടെണ്ടർ" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ വാഹനത്തിനുമുള്ള ദർഘാസുകൾ പ്രത്യേകം കവറുകളിൽ അയയ്ക്കേണ്ടതാണ്.

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം/ടെണ്ടർ സംഖ്യയുടെ പകുതി തുക (നിരതദ്രവ്യം കഴിച്ച്) ലേലംകൊണ്ടയാൾ ലേല സ്ഥലത്തു വച്ചുതന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവുകിട്ടി 10 ദിവസത്തിനകം ബാക്കി തുകയും നിയമാനുസൃതമുള്ള വിൽപ്പന നികുതിയും അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ വാഹനം നീക്കം ചെയ്യേണ്ടതാണ്.

ലേലം കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും വാഹനം പുനർലേലം നടത്തുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയാവുന്നതും നഷ്ടപ്പെട്ട സംഖ്യ ടിയാനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്. പുനർ ലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ടിയാൻ ആയതിന് അവകാശി ആയിരിക്കുന്നതല്ല. ലേല വസ്തുക്കൾ (വാഹനം) ലേലത്തിനുമുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയുള്ള പ്രവൃത്തി സമയങ്ങളിൽ തൃശ്ശൂർ ജില്ലാ സായുധസേനാ ക്യാമ്പിൽ ഡെപ്യൂട്ടി കമാണ്ടന്റിന്റെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരുകാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റിവയ്ക്കുന്നതിനോ ലേലം/ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുകയോ ചെയ്യാനുള്ള പൂർണ്ണ അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

City Police Office, Yathish Chandra, G. H. IPS
Thrissur. *District Police Chief.*

## ലേല പരസ്യം

നമ്പർ ഇ2-5496/2013/ആർ.ആർ.ആർ.എഫ്. 2018 ജൂലൈ 13.

ആർ.ആർ.ആർ.എഫ്. ബറ്റാലിയന്റെ അധീനതയിലുള്ളതും ഐ. ആർ ബി. പാണ്ടിക്കാട് ക്യാമ്പിൽ സൂക്ഷിച്ചിട്ടുള്ളതും പോലീസ് വകുപ്പിന് ഉപയോഗമില്ലാത്തതുമായ താഴെ പറയുന്ന വാഹനങ്ങൾ 8-8-2018-ാം തീയതി പകൽ 11 മണിക്ക് പാണ്ടിക്കാട്ട് കൊളപ്പറമ്പുള്ള ഐ. ആർ. ബി. ക്യാമ്പിൽ പൊതു ലേലത്തിൽ വച്ച് വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | വാഹനം | മോഡൽ | നിരതദ്രവ്യം ` |
|---|---|---|---|---|
| 1 | KL 10 D 5699 | Eicher Bus | 1995 | 3,500 |
| 2 | KL 10 D 6337 | Eicher Bus | 1995 | 3,500 |
| 3 | KL 10 D 6013 | Bullet Motorcycle | 1996 | 3,500 |
| 4 | KL 10 D 6014 | Bullet Motorcycle | 1996 | 3,500 |
| 5 | KL 10 E 9229 | Jeep | 1996 | 4,000 |
| 6 | KL 10 G 1630 | Eicher Bus | 1998 | 3,500 |
| 7 | KL 10 G 1634 | Eicher Bus | 1998 | 3,500 |
| 8 | KL 10 G 1635 | Eicher Bus | 1998 | 3,500 |
| 9 | KL 01 X 9939 | Tata Bus | 2002 | 6,500 |
| 10 | KL 01 X 9497 | Tata Bus | 2002 | 6,500 |
| 11 | KL 01 AD 4744 | Jeep | 2004 | 4,000 |
| 12 | KL 01 AH 5466 | Motorcycle | 2005 | 150 |
| 13 | KL 01 AG 8267 | Bullet Motorcycle | 2005 | 3,500 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനുമുമ്പായി ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ഇതിലേക്ക് സീൽ ചെയ്ത ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകളുടെ പുറത്ത് കണ്ടംചെയ്ത ഡിപ്പാർട്ടുമെന്റ് വാഹനങ്ങളുടെ ക്വട്ടേഷൻ എന്നെഴുതി ആർ. ആർ. ആർ. എഫ്. കമാണ്ടന്റിന്റെ ക്ലാരിയിലെ ഓഫീസിൽ ആഗസ്റ്റ് 4-ാം തീയതിക്ക് മുമ്പായി ലഭിക്കത്തക്കവിധം നേരിട്ടോ തപാൽമുഖേനയോ നൽകാവുന്നതാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം അടച്ച രസീതും ഉണ്ടായിരിക്കണം.

ലേലം കഴിഞ്ഞാലുടൻ ക്വട്ടേഷനുകൾ തുറക്കുന്നതും ലേലത്തിലോ ക്വട്ടേഷനിലോ ഏതിലാണോ കൂടുതൽ തുക വരുന്നത് ആ ആളിന് ലേലം സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതും ടിയാൻ ലേല സംഖ്യയുടെ പകുതി അപ്പോൾത്തന്നെ അടയ്ക്കേണ്ടതും ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ചാലുടൻ ബാക്കി തുക അടച്ച് ടി സാധനങ്ങൾ സ്വന്തം ചെലവിൽ പാണ്ടിക്കാടു കൊളപ്പറമ്പുള്ള ഐ. ആർ. ബി. ക്യാമ്പിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്.

റിവേഴ്സ് ചാർജ് മെക്കാനിസം അനുസരിച്ച് വിൽപ്പന നികുതി ലേലം കൊള്ളുന്ന ആൾ നേരിട്ട് വാണിജ്യ നികുതി ഓഫീസിൽ അടയ്ക്കേണ്ടതും ആയതിന്റെ രസീത് വാഹനം കൊണ്ടുപോകുന്നതിനുമുമ്പായി ആർ. ആർ. ആർ. എഫ്. കളരി ഹെഡ് ക്വാർട്ടേഴ്സിൽ ഏൽപ്പിക്കേണ്ടതുമാണ്. ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ നൽകുന്നതാണ്. മേൽപറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ മുഴുവൻ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർ ലേലം ചെയ്യുന്നതുമാണ്. പുനർ ലേലത്തിൽ സർക്കാരിനെന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയതു ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതും കൂടുതൽ തുക ലഭിച്ചാൽ ആയതിനു ടിയാന് അർഹത ഉണ്ടായിരിക്കുന്നതുമല്ല.

മേൽ പ്രസ്താവിച്ചിരിക്കുന്ന വാഹനങ്ങൾ ലേലത്തിന് തൊട്ടു മുൻപുള്ള 10 പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയത്ത് ആർ. ആർ. ആർ. എഫ്. ക്ലാരി ഹെഡ് ക്വാർട്ടേഴ്സിന്റെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കൂടാതെ ലേലം/ദർഘാസ് മാറ്റിവയ്ക്കാനോ അസ്ഥിരപ്പെടുത്താനോ ഉള്ള അധികാരം ആർ. ആർ. ആർ. എഫ്. ബറ്റാലിയൻ കമാണ്ടന്റിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

റാപ്പിഡ് റെസ്പോൺസ് &
റെസ്ക്യൂ ഫോഴ്സ്, ഷറഫലി, യു.,
മലപ്പുറം. കമാണ്ടന്റ്.

## ലേല പരസ്യം

നമ്പർ ജി2-15003/2018/എം. 2018 ജൂലൈ 13.

എം. എസ്. പി. കൂട്ടിലങ്ങാടി ഗ്രൗണ്ടിന്റെ അതിർത്തിയിലുള്ള 11 തേക്ക് മരങ്ങൾ, 2 വട്ട മരങ്ങൾ എന്നിവ എം. എസ്. പി. ക്യാമ്പിൽ വെച്ച് ചുവടെ ചേർത്ത പ്രകാരമുള്ള സ്ഥലത്തും തീയതിയിലും സമയത്തും പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്.

നിരതദ്രവ്യം—` 5,000.

ക്യാമ്പ്—എം. എസ്. പി., മലപ്പുറം.

ലേല സ്ഥലം—എം. എസ്. പി. മലപ്പുറം ക്യാമ്പ്.

ലേല തീയതിയും സമയവും—9-8-2018, 11 മണി.

മരങ്ങളുടെ ഇനം, നമ്പർ—തേക്ക് മരങ്ങൾ 11 (മരം-9, വിറക്-2), വട്ടമരങ്ങൾ-2 (വിറക്).

പ്രസ്തുത ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യമായി മുകളിൽ കാണിച്ച പ്രകാരമുള്ള തുക ലേല ദിവസം രാവിലെ 11 മണിക്ക് മുമ്പായി ലേല സ്ഥലത്ത് അടച്ചു രസീത് വാങ്ങേണ്ടതാണ്. കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന വ്യക്തിക്ക് ലേലം സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതും ടിയാൻ നിരതദ്രവ്യം ഒഴിച്ചുള്ള ബാക്കി തുക ബറ്റാലിയൻ കാഷ്യർ വശം അടയ്ക്കേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കുന്ന ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞ ഉടനെ തിരികെ നൽകുന്നതാണ്. ലേലം കൊണ്ട വ്യക്തി മേൽ പ്രസ്താവിച്ച ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നപക്ഷം ലേലം അസ്ഥിരപ്പെടുത്തുന്നതും പുനർ ലേലം ചെയ്യുന്നതുമായിരിക്കും. ആയതിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആദ്യം ലേലം കൊണ്ട വ്യക്തിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതായിരിക്കും. ലേല ദിവസത്തിന് മുമ്പുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ വൈകിട്ട് 4 മണി വരെയുള്ള സമയങ്ങളിൽ ലേല വസ്തു പരിശോധിക്കാവുന്നതാണ്.

പരിശോധനയ്ക്ക് വരുന്നവരും ലേലത്തിൽ പങ്കെടുക്കുന്നവരും സ്വന്തം തിരിച്ചറിയൽ രേഖ കൈവശം സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്നപക്ഷം ഹാജരാക്കേണ്ടതുമാണ്. യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം എം. എസ്. പി. കമാണ്ടൻറിൽ നിക്ഷിപ്തമായിരിക്കും.

മലബാർ സ്പെഷ്യൽ പോലീസ്, **വിൽസൺ, പി. വി.,**
മലപ്പുറം. കമാണ്ടന്റ്.

## പുനർ ലേല പരസ്യം

നമ്പർ ഇ2-53939/2017/ഡി. ആർ. 2018 ജൂലൈ 16.

കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ഡിസ്ട്രിക്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ സൂക്ഷിച്ചിരിക്കുന്നതും പോലീസ് വകുപ്പിന് ഉപയോഗമില്ലാത്തതുമായ ചുവടെ ചേർത്തിരിക്കുന്ന വാഹനങ്ങൾ 8-8-2018-ാം തീയതി പകൽ 11 മണിക്ക് കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ഹെഡ് ക്വാർട്ടേഴ്സ് (സായുധ സേന, ക്യാമ്പിൽ) വെച്ച് പരസ്യമായി ലേലം/ടെൻഡർ വഴി വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | മോഡൽ | വാഹന ഇനം | നിരതദ്രവ്യം |
|---|---|---|---|---|
| 1 | KL 01 X 9944 | 2002 | Tata 709 Bus | 15,000 |
| 2 | KL 01 X 9985 | 2002 | Tata 709 Bus | 15,000 |
| 3 | KL 01 X 9135 | 2002 | Tata 709 Bus | 15,000 |
| 4 | KL 01 X 9725 | 2002 | Hero Honda CD 100 M/C | 400 |
| 5 | KL 01 X 9853 | 2002 | Hero Honda CD 100 M/C | 400 |
| 6 | KL 01 X 9854 | 2002 | Hero Honda CD 100 M/C | 400 |
| 7 | KL 01 X 9857 | 2002 | Hero Honda CD 100 M/C | 400 |
| 8 | KL 01 AH 2614 | 2005 | Bajaj CT 100 M/C | 300 |
| 9 | KL 01 AH 2622 | 2005 | Bajaj CT 100 M/C | 350 |
| 10 | KL 01 AH 5341 | 2005 | Bajaj CT 100 M/C | 350 |
| 11 | KL 01 AQ 4358 | 2007 | Tavera | 9,900 |
| 12 | KL 01 AS 7472 | 2008 | Invader | 9,900 |
| 13 | KL 11 G 7239 | 1997 | Eicher Bus | 7,000 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനുമുമ്പായി ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ഇതിലേക്ക് സീൽ ചെയ്ത ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകളുടെ പുറത്ത് കണ്ടംചെയ്ത ഡിപ്പാർട്ടുമെന്റ് വാഹനങ്ങളുടെ ക്വട്ടേഷൻ എന്നെഴുതി കോഴിക്കോട് റൂറൽ ജില്ല സായുധ സേനാ അസിസ്റ്റന്റ് കമാണ്ടന്റിന്റെ കീഴരിയൂരിലെ ഓഫീസിൽ 6-8-2018-ാം തീയതിക്ക് മുമ്പായി ലഭിക്കത്തക്കവിധം നേരിട്ടോ തപാൽമുഖേനയോ നൽകാവുന്നതാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം അടച്ച രസീതും ഉണ്ടായിരിക്കണം.

ലേലം കഴിഞ്ഞാലുടൻ ക്വട്ടേഷനുകൾ തുറക്കുന്നതും ലേലത്തിലോ ക്വട്ടേഷനിലോ ഏതിലാണോ കൂടുതൽ തുക വരുന്നത് ആ ആളിന് ലേലം സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതും ടിയാൻ ലേല സംഖ്യയുടെ പകുതി അപ്പോൾത്തന്നെ അടയ്ക്കേണ്ടതും ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടിയാൽ 10 ദിവസത്തിനകം ബാക്കി തുക അടച്ച് ടി സാധനങ്ങൾ സ്വന്തം ചെലവിൽ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്.

ചരക്ക് സേവന നികുതി നിയമം അനുസരിച്ച് ജി. എസ്. ടി. (12%) ലേലം കൊള്ളുന്ന ആൾ അടയ്ക്കേണ്ടതാണ്. ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ നൽകുന്നതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ മുഴുവൻ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർ ലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതും കൂടുതൽ തുക ലഭിച്ചാൽ ആയതിന് ടിയാന് അർഹത ഉണ്ടായിരിക്കുന്നതുമല്ല.

മേൽ പ്രസ്താവിച്ചിരിക്കുന്ന വാഹനങ്ങൾ ലേലത്തിന് തൊട്ടു മുൻപുള്ള 10 പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയത്ത് കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ഡിസ്ട്രിക്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും ബന്ധപ്പെട്ടവരുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം/ദർഘാസ് മാറ്റിവയ്ക്കുന്നതിനും ലേലം അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിക്കുണ്ടായിരിക്കുന്നതാണ്.

ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ.

ജയ്ദേവ്, ജി. ഐ. പി. എസ്.,
ജില്ലാ പോലീസ് മേധാവി.